**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 124** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഫോറൻസിക് ലാബിലെ തസ്തികകൾക്ക് വിശേഷാൽ ചട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന ഫോറൻസിക് സയൻസ് ലാബിൽ അനുവദിക്കപ്പെട്ട തസ്തികകൾക്കെല്ലാം നിലവിൽ വിശേഷാൽ ചട്ടങ്ങൾ രൂപികരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാന ഫോറൻസിക് സയൻസ് ലാബിൽ അനുവദിക്കപ്പെട്ട എല്ലാ തസ്തികകൾക്കും വിശേഷാൽ ചട്ടം രൂപീകരിച്ചിട്ടില്ല |
| (ബി) | വിശേഷാൽ ചട്ടങ്ങളില്ലാത്തതിനാൽ നിയമനം നടക്കാത്ത ഏതെങ്കിലും തസ്തികകൾ ഫോറൻസിക് ലാബിലുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട് . ലാബ് ടെക്നീഷ്യൻ തസ്തികയിൽ നിയമനം നടത്തിയിട്ടില്ല . എന്നാൽ, വിശേഷാൽ ചട്ടങ്ങൾ നിലവിൽ ഇല്ലാത്ത അസിസ്റ്റന്റ് ഡയറക്ടർ ( ഡി എൻ എ ), അസിസ്റ്റന്റ് ഡയറക്ടർ ( മോളിക്കുലാർ ബയോളജി ) എന്നീ തസ്തികകളിൽ അർഹരായ സയന്റിഫിക് ഓഫീസർമാർക്ക് യഥാസമയം താൽക്കാലിക സ്ഥാനക്കയറ്റം നൽകി വരുന്നുണ്ട് . |
| (സി) | ഫോറൻസിക് ലാബിൽ എല്ലാ തസ്തികകൾക്കുമായി ഒരു വിശേഷാൽ ചട്ടം രൂപീകരിക്കാൻ കഴിയുമോ; എങ്കിൽ ഇത് സമയബന്ധിതമായി എന്ന് രൂപീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ വിവിധ സാങ്കേതിക തസ്തികകൾക്ക് നിലവിലുള്ള വിശേഷാൽ ചട്ടം പരിഷ്ക്കരിച്ച് പുതിയ വിശേഷാൽ ചട്ടം രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിച്ച് വരുന്നു . |

സെക്ഷൻ ഓഫീസർ